# ‘ദൈവാത്മാവ്’

## 2 തിമൊഥെയോസ് 1:7

**“ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നതു.”**

ഇത്രത്തോളം ആധികാരികമായി പൗലോസിനല്ലാതെ മറ്റാർക്കും പറയുവാൻ കഴിയില്ല, കാരണം കർത്താവിനെ അറിഞ്ഞതു മുതൽ പൗലോസിന്റെ ജീവിതത്തിൽ അനുഭവിച്ച കഷ്ടതകൾ അത്രത്തോളം ഉണ്ട്. എന്നാൽ വെളിപ്പെടുവാനുള്ള തേജസ്സിനെ വിച്ചാരിച്ച് ഈ കഷ്ടതകളെയെല്ലാം സാരമില്ല എന്ന് എണ്ണിയ ആളാണ് പൗലോസ്. ഇവിടെ പൗലോസ് തിമൊഥെയോസിനെ ഓർമ്മപ്പെടുത്തുന്ന ഒരു ഭാഗമാണ്. ദൈവം നമുക്ക് ദാനമായി നൽകിയിരിക്കുന്ന അവന്റെ ആത്മാവ് ഒരിക്കലും നമ്മെ ഭയത്തിലേക്കോ, കഷ്ടതകളിലേക്കോ നയിക്കുന്നതല്ല മറിച്ച് നമ്മെ ബലപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ഏതു കഷ്ടതകളെയും നേരിടാൻ പ്രാപ്തരാക്കുകയും ചെയ്യുന്നതാണ്. ഇന്നല്ലെങ്കിൽ നാളെ തിമൊഥെയോസിന്നും ഈ കഷ്ടതകളിൽ കൂടി കടന്നു പോകേണ്ടി വരും എന്ന് പൗലോസിന് നന്നായി അറിയാമായിരുന്നു. കാരണം ഒരുവൻ കർത്താവിനെ പിന്തുടരുമ്പോൾ അവൻ കർത്താവിന്റെ എല്ലാ സ്വഭാവ ഗുണങ്ങളെയും ജീവിതത്തിൽ അനുഗമിക്കുവാൻ തയ്യാറായിരിക്കണം. അങ്ങിനെയെങ്കിൽ കർത്താവിന്റെ ഏറ്റവും വലിയ സ്വഭാവഗുണമായി നമുക്ക് കണക്കാക്കാവുന്ന ഒന്നാണ് നമുക്ക് വേണ്ടി അവൻ ഏറ്റ കഷ്ടതകൾ. അതു പോലെ നാമും അവന്റെ നാമത്തിൽ നമുക്ക് വരുന്ന ക്ഷ്ടങ്ങൾ നേരിടാൻ പ്രാപ്തരായിരിക്കണം എന്ന് നമ്മുടെ ദൈവത്തിന്നു നന്നായി അറിയാം. അതിനാലാണ് അവൻ അവന്റെ ആത്മാവിനെ നമ്മിൽ നിക്ഷേപിച്ചിരിക്കുന്നത്.

ഇന്ന് നാം ആയിരിക്കുന്ന ദേശത്ത് ഒരുപക്ഷെ കർത്താവിന്നു വേണ്ടി നിൽക്കുന്നതുകൊണ്ട് നമ്മെ കൊന്നില്ലെന്നിരിക്കാം, അതും നടക്കുന്ന കാലം അധികം വിദൂരമല്ല. മറിച്ച് നമുക്ക് പലതരത്തിലുള്ള പീഡനങ്ങൾ നേരിടേണ്ടി വന്നേക്കാം. അത് ഒരു പക്ഷെ നമ്മുടെ സുഹൃത്തിൽ നിന്നോ നാം സ്നേഹിക്കുന്ന മറ്റാരെങ്കിൽ നിന്നോ ഒക്കെയാവാം. പക്ഷെ അത് ഒന്നും നമ്മെ തളർത്തുവാനോ നമുക്ക് കർത്താവിനോടുള്ള സ്നേഹത്തിൽ നിന്ന് പിന്തിരിപ്പിക്കാനോ പാടില്ല. റോമാ ലേഖനം അദ്ധ്യായം 8 ൽ ഇത് വളരെ വ്യക്തമായി പൗലോസ് പറയുന്നുണ്ട്. ലോകത്തിന്റേതായ ഒന്നിനും നമ്മെ കർത്താവിൽ നിന്ന് പിന്തിരിപ്പിക്കാനുള്ള അവസരം നാം കൊടുക്കാൻ പാടില്ല. അതിനായി

നിരന്തരം, എന്തു കാര്യമായിക്കൊള്ളട്ടെ, നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ആത്മാവിന്റെ ആലോചനക്കൊത്ത് ജീവിതത്തെ മുന്നോട്ട് കൊണ്ടുപോവാൻ ശ്രമിക്കണം. അതിനാലാണ് ദൈവാത്മാവിനെ നമ്മുടെ കാര്യസ്ഥനായി കണക്കാക്കപ്പെടുന്നത്.

വചനഭാഗം അവസാനത്തേക്ക് വരുമ്പോൾ അവിടെ പറയുന്നു ഈ അത്മാവ് എന്നു പറയുന്നത് സുബോധത്തിന്റെ ആത്മാവ് ആണെന്ന്. നാം പലപ്പോഴും നമ്മുടെ നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന ഒരു വാക്കാണ് സുബോധം എന്നത്. ചിലപ്പോൾ നാം പറയാറുണ്ട് അവരുടെ / അവന്റെ / അവളുടെ സുബോധമില്ലായ്മ അവരെ / അവനെ / അവളെ ജീവിതത്തിൽ നാശത്തിലേക്ക് നയിച്ചു എന്നൊക്കെ. നമ്മുടെ ഉള്ളിൽ നിക്ഷിപ്തമായിരിക്കുന്ന ദൈവത്തിന്റെ ആത്മാവ് സുബോധത്തിന്റെ ആത്മാവ് ആണെന്നുള്ള ഒരു തിരിച്ചറിവ് നമുക്ക് എപ്പോഴും ഉണ്ടായിരിക്കണം. നാം എന്തു ചെയ്യുമ്പോഴും, പറയുമ്പോഴും, എല്ലാം ഈ ആത്മാവിന്റെ നിയന്ത്രണത്തിന്നു നമ്മെ തന്നെ വിട്ടുകൊടുക്കുകയാണെങ്കിൽ ഒരിക്കലും നാം ഈ ലോകത്തിന്റെ പ്രവൃത്തിയിലേക്കോ, ചിന്തകളിലേക്കോ, സംസാരങ്ങളിലേക്കോ വഴുതി വീഴില്ല. ആരെയും വിധിക്കാനോ ആരാലും വിധിക്കപ്പെടാനോ ഇടയായിത്തീരുകയുമില്ല.

അങ്ങിനെയെങ്കിൽ നാം ഇനിയും ഭയപ്പെടേണ്ടതിന്നു ദാസ്യത്തിന്റെ ആത്മാവിനെ അല്ല; നാം അബ്ബാ പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനേ അത്രേ പ്രാപിച്ചത് എന്നുള്ള ബോധത്തിൽ ജീവിതത്തെ ക്രമപ്പെടുത്തുവാൻ ശ്രമിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:
സങ്കീർത്തനങ്ങൾ 121:3-5

"നിന്റെ കാൽ വഴുതുവാൻ അവൻ സമ്മതിക്കയില്ല; നിന്നെ കാക്കുന്നവൻ മയങ്ങുകയുമില്ല. യിസ്രായേലിന്റെ പരിപാലകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല. യഹോവ നിന്റെ പരിപാലകൻ; യഹോവ നിന്റെ വലത്തുഭാഗത്തു നിനക്കു തണൽ"

ബ്രദർ. ബിനു ബേബി ആലപ്പുഴ 093